**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3358** **01-03-2023 - ൽ മറുപടിയ്ക്ക്**

**മിച്ചഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസുകളുടെ നിലവിലെ സ്ഥിതി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വടക്കേക്കളം മിച്ചഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് സി.ആർ.പി. (എൽ.ആർ.) 74/2003, ഡബ്ല്യൂ.പി.(സി)12210/2014 നമ്പർ കേസുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (എ) | തലപ്പിള്ളി താലൂക്കിലെ വടക്കാഞ്ചേരി, പാർളിക്കാട് വില്ലേജുകളിലായി വടക്കേക്കളം പ്ലാന്റേഷന്റെ 73.73 ഏക്കർ ഭൂമി 18/08/2000തീയതിയിലെ TLB-SR/980/TPY നമ്പർ ഉത്തരവ് പ്രകാരം മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് തലപ്പിള്ളി താലൂക്ക് ലാന്റ് ബോർഡ് ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിനെതിരെ ശ്രീ.പ്രഭാകരൻ ഫയൽ ചെയ്ത WP(C) 12210/2014നമ്പർ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് സി.ആർ.പി (എൽ.ആർ) 74/2003 എന്ന നമ്പറിൽ ഒരു കേസ് നിലവിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലില്ല. എന്നാൽ ഈ വിഷയവുമായി ബന്ധപ്പെട്ട് CRP (LR) 44/13 എന്നൊരു കേസ് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ